**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **01-02-2023 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായാണ് വൈവിദ്ധ്യവത്കരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>**റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്**.<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ<br><br>നിലവിൽ എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | "**കെ-സ്റ്റോർ**" പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി, മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.<br><br>ലൈസൻസികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷനു പുറമേ അധിക വരുമാനം ലഭിക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ "കെ-സ്റ്റോർ" പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക നൽകുന്നതിനും ആയത് പ്രാവർത്തികമാക്കുന്നതിനുമായി വ്യാപാരികൾക്ക് സാമ്പത്തിക സഹായം നൽകുന്നതും പരിശോധിച്ചുവരുന്നു.<br><br>പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാക്കി അത് വിലയിരുത്തിയ ശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |
| (ബി) | ചങ്ങനാശ്ശേരി താലൂക്കിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള റേഷൻ കട നം.114-ൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ? | (ബി) | ചങ്ങനാശ്ശേരി താലൂക്കിൽ കെ-സ്റ്റോർ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള 114ാം നമ്പർ റേഷൻ കടയോട് ചേർന്ന് കെ-സ്റ്റോറിനാവശ്യമായ സ്ഥലം കണ്ടെത്തുകയും നിർദ്ദിഷ്ട മാതൃകയിലുള്ള പെയിന്റിംഗ് നടത്തി രൂപമാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ